ഇതിന്റെ ഭാഗമായി റഫറൽ യൂണിറ്റുകൾ ആരംഭിക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളാക്കുക, കിടക്കകൾ അനുദ്ദിക്കുക, ആവശ്യമായ പുതിയ തസ്തികകൾ അനുവദിക്കുക, സാധനസാമഗ്രികൾ വാങ്ങുന്നതിന് ഭരണാനുമതി നൽകുക, വാഹനങ്ങൾ (ആംബുലൻസ് ഉൾപ്പെടെ) വാങ്ങുക ദേശീയ പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ആയുർവേദ വകുപ്പിൽ ഗ്രാമീണ ആശുപത്രിളിലെ കിടക്കകൾ വർദ്ധിപ്പിക്കുക രോഗികൾക്ക് ഔഷധത്തിന് നൽകുന്ന തുക വർദ്ധിപ്പിക്കുക, കിടപ്പു രോഗികൾക്ക് ഹോസ്പിറ്റൽ അക്സസറീസ് നൽകുക. പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയ ഡിസ്പൻസറികളും അനുവദിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിലെ ആശുപത്രികളിലെ ചികിൽസാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഘട്ടംഘട്ടമായി ക്ലിനിക്കൽ ലാബോറട്ടറികൾ സ്ഥാപിക്കുന്നതിനും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പുറമേ പുതിയ ഡിസ്പെൻസറികളും അനുവദിച്ചിട്ടുണ്ട്.

(ബി) പരാതികൾ ഉണ്ടാകുമ്പോൾ അത് പരിഹരിക്കുവാൻ അപ്പോൾ തന്നെ വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് ഇല്ലാത്ത സാഹചര്യത്തിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുവാൻ തദ്ദേശ സ്ഥാപനങ്ങൾക്കു അനുമതി നൽകിയിട്ടുണ്ട്.

(ഡി) അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർ ലഭ്യമാക്കുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് സെൻട്രൽ പർച്ചേസ് വഴി മരുന്നുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ മരുന്ന് നേരിട്ട് വാങ്ങുന്നതിന് മെഡിക്കലാഫീസർമാർക്ക് പ്രത്യേകാനുമതി നിലവിലുണ്ട്.

(ഇ) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ അതിൽ നിന്നും നിയമനം നടത്താറുണ്ട്. ലിസ്റ്റ് ഇല്ലാതിരിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോക്ടർമാരെ ലഭ്യമല്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ താൽക്കാലികമായി കരാർ വ്യവസ്ഥയിൽ നിയമനം നടത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പി.എച്ച്.സി.കളുടെ പ്രവൃത്തി സമയം വർദ്ധിപ്പിക്കുന്നതിന് നടപടി

139 (142) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.എച്ച്.സി. ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ നിലവിലുള്ള പ്രവൃത്തി സമയം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുമ്പ് ഇത്തരം സ്ഥാപനങ്ങളിൽ ഉച്ചകഴിഞ്ഞും ഡോക്ടർമാരുടെ സേവനം ലഭിച്ചിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള പ്രവൃത്തി സമയം ഗ്രാമീണ മേഖലയിലെ രോഗികൾക്ക് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും രോഗികൾക്ക് ലഭ്യമാക്കുന്നതരത്തിൽ പ്രവൃത്തി സമയം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള പി.എച്ച്.സി.കളുടെ പ്രവൃത്തി സമയം രാവിലെ 8 മണിമുതൽ 11.30 വരെയും ഉച്ചയ്ക്ക് 3.30 മുതൽ 5 മണിവരെയും ആണ്. എന്നാൽ ഉൾനാടൻ പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 8 മണി മുതൽ 1.30 വരെയാണ് പ്രവർത്തനസമയം. 11 മുതൽ 11.30 വരെ ഇടവേള ആയിരിക്കും. ആയുർവേദ/ഹോമിയോ ഡിസ്പൻസറികൾ രാവിലെ 8 മണിമുതൽ 1.30 വരെയാണ് പ്രവൃത്തിസമയം.

(ബി) ഉൾനാടൻ പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ 23-8-1994 ലെ ജി.ഒ(ആർ.ടി) 3518/94 ആ.വ എന്ന ഉത്തരവ് പ്രകാരം ഉച്ചയ്ക്ക് മേലുള്ള പ്രവൃത്തി സമയം മാറ്റിയിട്ടുണ്ട്. ഉച്ചകഴിഞ്ഞ് രോഗികൾ വരുന്നത് കുറവാണെന്ന് കണ്ടതിനാലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

റേഷൻ സാധനങ്ങൾക്ക് കേന്ദ്രം നൽകിവരുന്ന സബ്സിഡി

140 (144) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായി പരിമിതപ്പെടുത്താനും റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുവാനും കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) റേഷൻ സാധനങ്ങൾക്ക് കേന്ദ്രം നൽകിവരുന്ന സബ്സിഡി എടുത്തുകളയാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly